# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3267 — 25.06.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കേരള ഹൗസ് ജീവനക്കാരുടെ നിയമനം

| ചോദ്യം<br>ശ്രീ. എ. പ്രദീപ്കുമാർ | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) ഡൽഹിയിലെ കേരളഹൗസ് ജീവനക്കാരുടെ നിയമനം പി.എസ്.സിയ്ക്ക് വിടാത്തത് എന്ത് കൊണ്ടാണ്; വ്യക്തമാക്കാമോ; | എ) 15.12.1992 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 56/92/ഉ.ഭ.പ.വ പ്രകാരം കേരള ഹൗസിലെ നിയമനങ്ങൾ പി.എസ്.സിയുടെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| ബി) കേരള ഹൗസ് ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്പെഷ്യൽ റൂൾ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | ബി) സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; ആയത് നിലവിലുള്ള ജീവനക്കാരുടെ പ്രമോഷനെ ബാധിക്കും എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | സി) നടപ്പിലാക്കുവാനുദ്ദേശിക്കുന്ന സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എക്സിക്യൂട്ടീവ് ഓർഡർ 17.05.12 ൽ പുറപ്പെടുവിച്ചു. എന്നാൽ ജീവനക്കാരുടെ സംഘടനകളുടെ പരാതിയെതുടർന്ന് അതു പ്രകാരമുള്ള നടപടികൾ നിർത്തിവക്കുന്നതിന് 14.06.2012 ൽ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ജീവനക്കാരുടെ ആക്ഷേപം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ